202

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# രാജ്യദ്രോഹപരമായ യോഗങ്ങളുടെ നിവാരണം ആക്റ്റ്, 1911

(1911-ലെ 10-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെന്റിനു വേണ്ടി
കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട് തിരുവനന്തപുരം
ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
1977

വില.

കേന്ദ്ര ഗവൺമെൻറ്
നിയമ-ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# രാജ്യദ്രോഹപരമായ യോഗങ്ങളുടെ നിവാരണം ആക്റ്റ്, 1911

(1911-ലെ 10-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി
കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട് തിരുവനന്തപുരം
ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

©
കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# രാജ്യദ്രോഹപരമായ യോഗങ്ങളുടെ നിവാരണം ആക്ററ്, 1911

(1911-ലെ 10)

രാജ്യദ്രോഹം പ്രോത്സാഹിപ്പിക്കാനോ പൊതു പ്രശാന്തിക്ക് കലക്കമുണ്ടാക്കാനോ ഇടയുള്ള പൊതുയോഗങ്ങൾ തടയുന്നതു സംബന്ധിച്ച നിയമം സഞ്ചയിക്കുകയും ഭേദഗതി ചെയ്യുകയും ചെയ്യുന്നതിനുള്ള ആക്ററ്

[1911 മാർച്ച്, 22.

രാജ്യദ്രോഹം പ്രോത്സാഹിപ്പിക്കാനോ പൊതുപ്രശാന്തിക്ക് കലക്കമുണ്ടാക്കാനോ ഇടയുള്ള പൊതുയോഗങ്ങൾ തടയുന്നതു സംബന്ധിച്ച നിയമം സഞ്ചയിക്കുകയും ഭേദഗതി ചെയ്യുകയും ചെയ്യുന്നതു സമീചീനമായിരിക്കുകയാൽ: ഇതിനാൽ താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും.—(1) ഈ ആക്ററിന് രാജ്യദ്രോഹപരമായ യോഗങ്ങളുടെ നിവാരണം ആക്ററ്, 1911 എന്നു പേർ പറയാവുന്നതാണ്.

(2) ഇത് 1956 നവംബർ 1-ാം തീയതിക്ക് തൊട്ടുമുമ്പ് ഖ ഭാഗം സ്റേററുകളിൽ ഉൾപ്പെട്ടിരുന്ന രാജ്യക്ഷേത്രങ്ങൾ ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതും, എന്നാൽ ഇത് സ്റേററ് ഗവൺമെൻറ് ഔദ്യോഗിക ഗസററിൽ അപ്പോഴപ്പോൾ വിജ്ഞാപനം ചെയ്യുന്ന സ്റേററുകളിലോ സ്റേററുകളുടെ ഭാഗങ്ങളിലോ മാത്രം പ്രവർത്തനത്തിൽ ഇരിക്കുന്നതുമാകുന്നു.

2. വിളംബരം ചെയ്യപ്പെട്ട പ്രദേശങ്ങളായി വിജ്ഞാപനം ചെയ്യാൻ സ്റേററ് ഗവൺമെൻറിനുള്ള അധികാരം.—(1) ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി ഈ ആക്ററ് തൽസമയം പ്രവർത്തനത്തിലിരിക്കുന്ന ഒരു സ്റേററ് മുഴുവനുമോ അതിൻെറ ഏതെങ്കിലും ഭാഗമോ വിളംബരം ചെയ്യപ്പെട്ട പ്രദേശമായി പ്രഖ്യാപിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ ഉണ്ടാക്കുന്ന വിജ്ഞാപനം, ആറുമാസത്തിലധികം പ്രാബല്യത്തിലിരിക്കുന്നതല്ലാത്തതും, എന്നാൽ, ഈ ഉപവകുപ്പിലെ യാതൊന്നും അപ്പോഴപ്പോൾ അതേപ്രദേശം സംബന്ധിച്ച് യുക്തമെന്നു തോന്നുന്ന ഏതെങ്കിലും കൂടുതൽ വിജ്ഞാപനങ്ങൾ ഉണ്ടാക്കുന്നതിൽ നിന്ന് സ്റേററ് ഗവൺമെൻറിനെ തടയുന്നതായി കരുതപ്പെടുന്നതല്ലാത്തതും ആകുന്നു.

3 നിർവ്വചനം.—(1) ഈ ആക്ററിൽ, പൊതുയോഗം' എന്ന പദത്തിന്, പൊതുജനങ്ങൾക്കോ പൊതുജനങ്ങളുടെ ഏതെങ്കിലും വിഭാഗത്തിനോ ഭാഗത്തിനോ പ്രാപ്യമായ ഒരു യോഗം എന്നർത്ഥമാകുന്നു.

(2) ഒരു യോഗം, അത് ഒരു സ്വകാര്യ സ്ഥലത്തു വച്ചു നടത്തുന്നതാണെന്നിരുന്നാലും, അതിലേക്കുള്ള പ്രവേശനം ടിക്കററുവഴിയോ മററുവിധത്തിലോ പരിമിതപ്പെടുത്തിയിരിക്കാമെന്നിരുന്നാലും പൊതുയോഗം ആകാവുന്നതാണ്.

4. പൊതുയോഗങ്ങളുടെ നോട്ടീസ് നല്കണമെന്ന്.—(1) കലക്കമോ പൊതുജനക്ഷോഭമോ ഉണ്ടാക്കാനിടയുള്ള ഏതെങ്കിലും വിഷയം പുരോഗമിപ്പിക്കുന്നതിനോ അതിനെക്കുറിച്ചുള്ള ചർച്ചയ്ക്കോ ഉള്ളതോ, അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും വിഷയം സംബന്ധിച്ച ഏതെങ്കിലും ലിഖിതമോ അച്ചടിച്ച എന്തെങ്കിലുമോ പ്രദർശിപ്പിക്കുകയോ വിതരണം ചെയ്യുകയോ ചെയ്യുന്നതിനുള്ളതോ ആയ യാതൊരു പൊതുയോഗവും—

(ക) അങ്ങനെയുള്ള യോഗം നടത്തുന്നതിനുള്ള ഉദ്ദേശ്യത്തെക്കുറിച്ചും അങ്ങനെയുള്ള യോഗത്തിന്റെ സമയത്തേയും സ്ഥലത്തേയും കുറിച്ചുമുള്ള ലിഖിതമായ നോട്ടീസ്, അതതു സംഗതി പോലെ, ജില്ലാ മജിസ്ട്രേററിനോ പോലീസ് കമ്മിഷണർക്കോ കുറഞ്ഞത് മൂന്നു ദിവസം മുമ്പ് കൊടുത്തിട്ടുണ്ടായിരിക്കുകയോ ; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള യോഗം നടത്തുന്നതിനുള്ള അനുവാദം, അതതു സംഗതിപോലെ, ജില്ലാ മജിസ്ട്രേററിൽനിന്നോ പോലീസ് കമ്മിഷണറിൽനിന്നോ ലഭിച്ചിട്ടുണ്ടായിരിക്കുകയോ: ചെയ്യാത്തപക്ഷം ഏതെങ്കിലും വിളംബരം ചെയ്യപ്പെട്ട പ്രദേശത്തുവച്ചു നടത്താൻ പാടുള്ളതല്ല.

(2) റിപ്പോർട്ട് എടുപ്പിക്കാൻ മജിസ്ട്രേററിനുള്ള അധികാരം.—ജില്ലാ മജിസ്ട്രേററിനോ, ജില്ലാ മജിസ്ട്രേററ് ഇതിലേക്ക് പ്രാധികാരപ്പെടുത്തുന്ന ഏതെങ്കിലും ഒന്നാം ക്ലാസ് മജിസ്ട്രേററിനോ, ഹെഡ് കാൺസ്ററബിളിന്റെ പദവിക്ക് താഴെയല്ലാത്ത ഒന്നോ അതിലധികമോ പോലീസ് ഉദ്യോഗസ്ഥൻമാരെയോ മററാളുകളേയോ നടപടികളുടെ റിപ്പോർട്ട് എടുപ്പിക്കുന്നതിനുവേണ്ടി അങ്ങനെയുള്ള ഏതെങ്കിലും യോഗത്തിൽ ഹാജരാകാൻ, ലിഖിതമായ ഉത്തരവുവഴി, നിയോഗിക്കാവുന്നതാണ്.

(3) അപവാദം.—ഈ വകുപ്പിലെ യാതൊന്നും ഏതെങ്കിലും സ്ററാററ്യൂട്ടറി പ്രാധികാരത്തിൻ കീഴിലോ മററു പ്രകട നിയമപ്രാധികാരത്തിൻ കീഴിലോ നടത്തുന്ന ഏതെങ്കിലും പൊതുയോഗത്തിനോ, അല്ലെങ്കിൽ ഷെറിഫ് വിളിച്ചുകൂട്ടുന്ന പൊതുയോഗങ്ങൾക്കോ, അല്ലെങ്കിൽ അതിലേക്കായി സ്റേററ് ഗവൺമെന്റ് സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി, ഒഴിവാക്കുന്ന ഏതെങ്കിലും പൊതുയോഗങ്ങൾക്കോ തരം പൊതുയോഗങ്ങൾക്കോ ബാധകമാകുന്നതല്ല.

5. പൊതുയോഗങ്ങൾ നിരോധിക്കാനുള്ള അധികാരം.—ഒരു വിളംബരം ചെയ്യപ്പെട്ട പ്രദേശത്തെ ഏതെങ്കിലും പൊതുയോഗം, തന്റെ അഭിപ്രായത്തിൽ രാജ്യദ്രോഹമോ അപ്രീതിയോ പ്രോത്സാഹിപ്പിക്കുകയോ പൊതുപ്രശാന്തിക്ക് കലക്കമുണ്ടാക്കുകയോ ചെയ്യാൻ ഇടയുണ്ടെങ്കിൽ, അതതു സംഗതിപോലെ, ജില്ലാ മജിസ്ട്രേററിനോ പോലീസ് കമ്മിഷണർക്കോ, ഏതു സമയത്തും പൊതുജനങ്ങൾക്ക് ഉടനടി നോട്ടീസ് നല്കേണ്ട ലിഖിതമായ ഉത്തരവുവഴി അങ്ങനെയുള്ള യോഗം നിരോധിക്കാവുന്നതാണ്.

6. ദണ്ഡനങ്ങൾ.—(1) ഒരു വിളംബരം ചെയ്യപ്പെട്ട പ്രദേശത്ത്, 4-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിപരീതമായി നടത്തുന്ന ഒരു പൊതുയോഗത്തിന്റെ പ്രോത്സാഹനവുമായോ നടത്തിപ്പുമായോ ബന്ധപ്പെട്ട ഏതെങ്കിലും ആൾ, ആറുമാസത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ, പിഴശിക്ഷയോ, അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(2) 5-ാം വകുപ്പിൻ കീഴിൽ നിരോധിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും പൊതുയോഗം, ഇൻഡ്യൻ ശിക്ഷാനിയമാസംഹിത (1860-ലെ 45) VIII-ാം അദ്ധ്യായത്തിന്റെയും ക്രിമിനൽ നടപടി നിയമസംഹിത (1898-ലെ V) IX-ാം അദ്ധ്യായത്തിന്റെയും അർത്ഥത്തിൽ, നിയമവിരുദ്ധസംഘമായി കരുതപ്പെടുന്നതാകുന്നു.

7. പൊതുസ്ഥലങ്ങളിൽ വച്ച് പ്രസംഗങ്ങൾ ചെയ്യുന്നതിനുള്ള ദണ്ഡനം.—ഒരു വിളംബരം ചെയ്യപ്പെട്ട പ്രദേശത്ത്, ഒരു പൊതു സ്ഥലത്തോ അല്ലെങ്കിൽ പൊതുഗമ്യസ്ഥലത്തോ വച്ച് 4-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതോ അവയിൽനിന്ന് ഒഴിവാക്കപ്പെടുന്നതോ ആയ ഒരു പൊതുയോഗത്തിലല്ലാതെ, അതതു സംഗതിപോലെ, ജില്ലാ മജിസ്ട്രേററിന്റെയോ പോലീസ് കമ്മീഷണറുടേയോ മുൻപേ ലഭിച്ചിട്ടുള്ള ലിഖിതമായ അനുവാദം കൂടാതെ, കലക്കമോ, അപ്പോൾ സന്നിഹിതരായിരിക്കുന്ന ആളുകൾക്ക് പൊതുക്ഷോഭമോ ഉണ്ടാക്കാനിടയുള്ള ഏതെങ്കിലും വിഷയത്തിൻമേൽ ഏതെങ്കിലും പ്രഭാഷണമോ, അഭിസംബോധനമോ പ്രസംഗമോ ചെയ്യുന്ന ഏതൊരാളേയും വാറന്റ് കൂടാതെ അറസ്ററ് ചെയ്യാവുന്നതും, അയാൾ ആറുമാസത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ, പിഴശിക്ഷയോ, അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതുമാകുന്നു.

8. കുററങ്ങൾ നടപടിക്കെടുക്കൽ.—ഒരു പ്രസിഡൻസി മജിസ്ട്രേററിന്റെയോ ഒന്നാം ക്ലാസ് മജിസ്ട്രേററിന്റെയോ സബ് ഡിവിഷണൽ മജിസ്ട്രേററിന്റെയോ കോടതിക്ക് താഴെയുള്ള യാതൊരു കോടതിയും, ഈ ആക്ററിനെതിരിയുള്ള ഏതെങ്കിലും കുററം വിചാരണയ്ക്കെടുക്കാൻ പാടുള്ളതല്ല.

9. (റദ്ദാക്കൽ ആക്ററ്, 1927-ലെ 2-ാം വകുപ്പിനാലും പട്ടികയാലും റദ്ദാക്കപ്പെട്ടു).